**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(**ഹാജർ** : Dr. Chithra S IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിലെ ക്ലർക്ക് ശ്രീ.സതീഷ് കുമാർ.ജി യെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്.

**ഉത്തരവ് നമ്പർ . LSGD/PD/5817/2025-GEA3 തീയതി:13-05-2025**

പരാമർശം:

1) തദ്ദേശ സ്വയംഭരണ വകുപ്പ്,എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 16.01.2025 LSGD/JD/EKM/10232/2024-D10 നമ്പർ കത്ത്.
2) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 22.07.1993-ലെ B5.2477/1999നമ്പർ ഉത്തരവ്.
3) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 03.03.2018-ലെ E3.2439/17 നമ്പർ ഉത്തരവ്.
4) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 25.02.2022-ലെ E3.15023/19 നമ്പർ ഉത്തരവ്.
5) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 23.06.2022-ലെ DUA/4400/2022-E7 നമ്പർ ഉത്തരവ്.
6) ഈ ആഫീസിലെ 10-04-2025 ലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം വഴി പരാമർശം (2) ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീ. സതീഷ് കുമാർ.ജി-യ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയില്ല എന്ന കാരണത്താൽ ടിയാനെ പരാമർശം (4) പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തിരുന്നു. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ. സതീഷ് കുമാർ.ജി യെ ക്ലർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് തസ്തികയിലെ പരാമർശം (5) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ടിയാളുടെ ക്ലർക്ക് തസ്തികയിലെ നിയമന ഉത്തരവ് തീയതിയായ 22.07.1993 തീയതി അടിസ്ഥാനമാക്കി ക്രമ നം. 2. ശ്രീ.നിവിൻ സുകുമാരനും ക്രമ നം.3. ശ്രീമതി.കുമാരി.ജി-യ്ക്കും ഇടയിലായി ക്രമ നം. 2 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തിയും ആയതിൻമേൽ ആക്ഷേപം ക്ഷണിച്ചും പരാമർശം (6) പ്രകാരം നോട്ടിസ്

പ്രസിദ്ധീകരിച്ചിരുന്നു. ആയത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ.സതീഷ് കുമാർ.ജി യെ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ പരാമർശം (5) സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 2. ശ്രീ.നിവിൻ സുകുമാരനും ക്രമ നം.3. ശ്രീമതി.കുമാരി.ജി-യ്ക്കും ഇടയിലായി ക്രമ നം. 2 A ആയി ഉൾപ്പെടുത്തി പരാമർശം (5) സീനിയോറിറ്റി പട്ടിക പുന:ക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. ശ്രീ.സതീഷ് കുമാർ.ജി (ജില്ലാ ജോയിന്റ് ഡയറക്ടർ, എറണാകുളം മുഖാന്തിരം)
3. ജൂനിയർ സൂപ്രണ്ട്, DEC സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കു ന്നതിനായി)
5. കരുതൽ/അധികം.